പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1195

11.06.2019-ൽ മറുപടിക്ക്

## ശ്രീധരി പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാജൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| കിഫ്ബി വഴി പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച ഒല്ലൂർ നിയോജകമണ്ഡലത്തിലെ ശ്രീധരി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | 2016-17 കിഫ്ബി പ്രവൃത്തികളിൽ ഉൾപ്പെട്ട മണലി പുഴയ്ക്കു കുറുകെ ഉള്ള ശ്രീധരി പാലത്തിന് ഉത്തരവ് നം, APR3/337/2017/KIIFB തീയതി 01.01.2018 പ്രകാരം സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. Detailed Project Report കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള സംയുക്ത പരിശോധന കഴിഞ്ഞു. കണ്ടിജൻസി ചാർജ്ജിനത്തിൽ 3,89,510/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. Social Impact Assessment പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തു കഴിഞ്ഞാലുടൻ, സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ